**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - കമ്പ്യൂട്ടർ പ്രോഗ്രാമർ തസ്തികയുടെ ദിവസ/കരാർ വേതനം പരിഷ്കരിച്ച് കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================

ധനകാര്യ (വ്യയം-സി) വകുപ്പ്

സ.ഉ (അച്ചടി) നം. 83/2018/ധന തിരുവനന്തപുരം, തീയതി, 06/06/2018

==========================================

പരാമർശം: 1) സ.ഉ. (പി) നം. 28/2016/ധന, തീയതി 26/02/2016
2) സ.ഉ. (പി) നം. 56/2017/ധന, തീയതി 28/04/2017

**ഉത്തരവ്**

സംസ്ഥാനത്തെ സർക്കാർ വകുപ്പുകൾ, ഗ്രാൻറ് ഇൻ എയിഡ് സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ദിവസവേതന/കരാർ ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച് കൊണ്ട് പരാമർശം 1, 2 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം 2-ലെ ഉത്തരവു അനുസരിച്ച് കമ്പ്യൂട്ടർ പ്രോഗ്രാമർ തസ്തികയെ കാറ്റഗറി IV ൽ ഉൾപ്പെടുത്തി ദിവസവേതനം 735/- രൂപയായും പരമാവധി പ്രതിമാസ കരാർ വേതനം 21,000/- രൂപയായും വേതനം പുതുക്കി നിശ്ചയിച്ചിരുന്നു.

2) കമ്പ്യൂട്ടർ പ്രോഗ്രാമർ തസ്തികയുടെ വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് നിലവിലെ വേതനത്തിൽ ആനുപാതികമായ വർദ്ധനവ് നൽകേണ്ടതുണ്ട്. ഈ വസ്തുത പരിഗണിച്ച് MTech/ME/B Tech/BE/MCA വിദ്യാഭ്യാസ യോഗ്യത ഉള്ള കമ്പ്യൂട്ടർ പ്രോഗ്രാമർ എന്ന തസ്തിക പരാമർശം 2 ഉത്തരവിലെ കാറ്റഗറി IX ൽ ഉൾപ്പെടുത്തി ദിവസവേതനം ₹1,025/- പരമാവധി പ്രതിമാസ ദിവസ വേതനം ₹29,700/- രൂപയായും പ്രതിമാസ കരാർ വേതനം ₹30,675/- രൂപയായും, കമ്പ്യൂട്ടർ പ്രോഗ്രാമർ ആയി രണ്ടോ അതിലധികമോ വർഷം പരിജ്ഞാനം / പരിചയം ഉള്ള സീനിയർ കമ്പ്യൂട്ടർ പ്രോഗ്രാമർ എന്ന തസ്തിക ടി ഉത്തരവിലെ കാറ്റഗറി X ൽ പുതുതായി ഉൾപ്പെടുത്തി ദിവസവേതനം ₹1,130/- പരമാവധി പ്രതിമാസ ദിവസ വേതനം ₹33,875/- പ്രതിമാസ കരാർ വേതനം ₹33,925/- ആയും നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷർമിള മേരി ജോസഫ്
സെക്രട്ടറി (ധനകാര്യം)

പകർപ്പ്,

1. പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം.
2. അക്കൗണ്ടൻറ് ജനറൽ (എ&ഇ) കേരള. തിരുവനന്തപുരം

3. അക്കൗണ്ടൻറ് ജനറൽ (ഇ&ആർ.എസ്.എ), കേരള. തിരുവനന്തപുരം
4. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ജോയിൻറ് സെക്രട്ടറിമാർ/ ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ
5. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
6. രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/എം.ജി/കണ്ണൂർ/സംസ്കൃത സർവകലാശാലകൾ
7. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
8. രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ
9. രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ
10. സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്
11. ജനറൽ മാനേജർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ
12. ഡയറക്ടർ, ടെക്നിക്കൽ എഡ്യൂക്കേഷൻ, തിരുവനന്തപുരം
13. ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ, തിരുവനന്തപുരം
14. ഡയറക്ടർ, സംസ്ഥാന ജല ഗതാഗത വകുപ്പ്, ആലപ്പുഴ
15. ഗവർണ്ണറുടെ സെക്രട്ടറി
16. മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
17. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
18. എല്ലാ വകുപ്പുമേധാവികൾക്കും, ഓഫീസ് മേലധികാരികൾക്കും
19. പ്രതിപക്ഷ നേതാവിന്റെയും ഗവ.ചീഫ് വിപ്പിന്റെയും സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും
20. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
21. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
22. എല്ലാ ജില്ലാ ട്രഷറികൾ / സബ്ട്രഷറികൾ
23. നോഡൽ ഓഫീസർ www.finance.kerala.gov.in
24. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Ranjit

സെക്ഷൻ ഓഫീസർ